"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ്- വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ ഒഴിവുള്ള അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) തസ്തികയിൽ ശ്രീ. ജി. ശശീന്ദ്രനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.22/2026/VIG തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:-

1. 13/09/2011 ലെ സ.ഉ(കൈ)നം. 26/2011/വിജി.
2. 06.05.2013 ലെ സ.ഉ.(കൈ) നം. 14/13/വിജി.
3. 11/06/2026 ലെ സ.ഉ(സാധാ)നം.104/2026/വിജി.
4. കേരള ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 10.06.2026 ലെ 62/2026/DGP&SPP നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന വിജിലൻസ് അപ്പീൽ കേസുകളിൽ നിയമോപദേശം നൽകുന്നതിനും സംസ്ഥാനത്തെ സ്പെഷ്യൽ ജഡ്ജ് കോടതികളിലും വിജിലൻസ് ട്രൈബ്യൂണലുകളിലും കേസ് നടത്തിപ്പിനുമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാമർശം (1) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) എന്ന തസ്തിക സർക്കാർ സൃഷ്ടിച്ചിരുന്നു. തുടർന്ന് പ്രസ്തുത തസ്തിക പരാമർശം (2) പ്രകാരം അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. ടി തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ.ഡി. ബാബു, രാജി വച്ച ഒഴിവിലേക്ക് അനുയോജ്യരായവരെ തിരഞ്ഞെടുക്കുന്നതിനായി, അഡീഷണൽ ചീഫ് സെക്രട്ടറി (ഹോം & വിജിലൻസ്) ചെയർമാനായും, നിയമ വകുപ്പ് സെക്രട്ടറി, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ എന്നിവർ അംഗങ്ങളായും ഉൾപ്പെടുന്ന ഒരു സെർച്ച് കമ്മിറ്റി പരാമർശം (3) പ്രകാരം രൂപീകരിച്ചിരുന്നു. ഈ തസ്തികയിലെ നിയമനത്തിനായി കേരള ഹൈക്കോടതി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പരാമർശം (4) പ്രകാരം ബയോഡാറ്റ അടക്കം രണ്ട് അഭിഭാഷകരുടെ പാനൽ കൈമാറുകയും, ഇത് കൂടാതെ ബയോഡാറ്റ സഹിതം 5 അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയും ചെയ്തിരുന്നു.

2) അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി മേൽ 7 അപേക്ഷകൾ പരിശോധിച്ച് അനുയോജ്യനായ ഒരാളെ നിയമിക്കുന്നതിലേക്കായി 10/7/2026 ന് സെർച്ച് കമ്മിറ്റി യോഗം ചേരുകയും പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പാനലിലെ അഭിഭാഷകരുടെയും, സർക്കാരിൽ നേരിട്ട് അപേക്ഷിച്ച അഭിഭാഷകരുടെയും യോഗ്യതയും പ്രവൃത്തി പരിചയവും സൂക്ഷ്മമായി പരിശോധിച്ച സെർച്ച് കമ്മിറ്റി, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലീഗൽ അഡ്വൈസറായി

23 വർഷവും അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) ആയി 5 വർഷവും പ്രവൃത്തി പരിചയമുള്ള ശ്രീ. ജി. ശശീന്ദ്രൻ, TC.27/1214 (1), "സന്നിധി", പേട്ട പി.ഒ, തിരുവനന്തപുരം, 695024-നെ അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) ആയി നിയമിക്കുവാൻ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

3) സർക്കാർ മേൽ വിഷയം പരിശോധിച്ചു. സെർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ശ്രീ. ജി. ശശീന്ദ്രൻ, TC.27/1214 (1), "സന്നിധി", പേട്ട പി.ഒ, തിരുവനന്തപുരം, 695024-നെ അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ശ്രീ. ജി. ശശീന്ദ്രൻ, TC.27/1214 (1), "സന്നിധി", പേട്ട പി.ഒ, തിരുവനന്തപുരം., 695 024.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, കേരള, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (29/7/2026 ലെ ഇനം നം. 100 പ്രകാരം).
നിയമവകുപ്പ്
വിവര പൊതുജനസമ്പർക്ക( വെബ് & ന്യൂ മീഡിയ ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Smitha. V. V
Date: 31-07-2026
10:22:00
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 29-07-2026

ഫയൽ നം. വിജി-സി1/130/2026/വിജി.

ഇനം നം : 100

വിഷയം : വിജിലൻസ് വകുപ്പ് - അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) ആയി ശ്രീ. ജി. ശശീന്ദ്രൻ-നെ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ~~വി~~ജിലൻസ് വകുപ്പ്.

JS (Joe Chacko) Vigilance

30/7/2026

**കേരള സർക്കാർ**
**(ശ്രീ. വി.ഡി. സതീശൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | വിജി-സി1/130/2026-വിജി |
| 2. | വകുപ്പ് | വിജിലൻസ് (സി) വകുപ്പ് |
| 3. | വിഷയം | വിജിലൻസ് വകുപ്പ്- അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) ആയി ശ്രീ. ജി. ശശീന്ദ്രൻ -നെ നിയമിക്കുന്നത്- സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പി ക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27/07/2026 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br><br>ഇല്ല. (തസ്തിക വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിലുള്ളതാണ്) |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ജോ ചാക്കോ കത്തിലാങ്കൽ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. മിൻഹാജ് ആലം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.07.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.07.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. രമേശ് ചെന്നിത്തല |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.07.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.07.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ ഒഴിവുള്ള അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) തസ്തികയിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. 13.09.2011-ലെ സ.ഉ.(എം.എസ്) നം. 26/2011/VIG പ്രകാരം, ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന വിജിലൻസ് അപ്പീൽ കേസുകളിൽ നിയമോപദേശം നല്കുന്നതിനും, വിജിലൻസ് സ്പെഷ്യൽ കോടതികളിലും ട്രിബ്യൂണലുകളിലും കേസ് നടത്തിപ്പിനുമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) എന്ന തസ്തിക സർക്കാർ സൃഷ്ടിച്ചിരുന്നു. തുടർന്ന് 06.05.2013-ലെ സ.ഉ.(എം.എസ്) നം. 14/2013/VIG പ്രകാരം ഈ തസ്തികയുടെ പേര് അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) എന്ന് പുനർനാമകരണം ചെയ്തു. അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ.ഡി. ബാബു രാജി വെച്ചതിനെ തുടർന്ന് ഈ തസ്തികയിൽ ഒഴിവ് വരികയുണ്ടായി. ഈ ഒഴിവിലേക്ക് അനുയോജ്യരായവരെ തിരഞ്ഞെടുക്കുന്നതിനായി, അഡീഷണൽ ചീഫ് സെക്രട്ടറി (ഹോം & വിജിലൻസ്) ചെയർമാനായും, നിയമവകുപ്പ് സെക്രട്ടറി, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ എന്നിവർ അംഗങ്ങളായും ഉൾപ്പെടുന്ന ഒരു സെർച്ച് കമ്മിറ്റി 11.06.2026-ലെ സ.ഉ.(ആർ.ടി) നം. 104/2026/VIG പ്രകാരം രൂപീകരിച്ചിരുന്നു. ഈ തസ്തികയിലെ നിയമനത്തിനായി കേരള ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ബയോഡാറ്റ അടക്കം രണ്ട് അഭിഭാഷകരുടെ പാനൽ കൈമാറിയിട്ടുള്ളതും, ഇത് കൂടാതെ ബയോഡാറ്റ സഹിതം 5 അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുള്ളതുമാണ്.

3. അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി മേൽ 7 അപേക്ഷകൾ പരിശോധിച്ച് അനുയോജ്യനായ ഒരാളെ കണ്ടെത്തുന്നതിനായി 10/7/2026 ന് സേർച്ച് കമ്മിറ്റി യോഗം ചേർന്നിരുന്നു. പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പാനലിലെ അഭിഭാഷകരുടെയും, സ ർക്കാരിൽ നേരിട്ട് അപേക്ഷിച്ച അഭിഭാഷകരുടെയും യോഗ്യതയും പ്രവൃത്തി പരിചയവും സൂക്ഷ്മമായി പരിശോധിച്ചു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലീഗൽ അഡ്വൈസറായി 23 വർഷവും അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) ആയി 5 വർഷവും പ്രവൃത്തി പരിചയമുള്ള ശ്രീ. ജി. ശശീന്ദ്രൻ, TC.27/1214 (1), "സന്നിധി", പേട്ട പി.ഒ, തിരുവനന്തപുരം., 695 024 - നെയാണ് അഡീഷണൽ ഡയറക്ടർ

ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) ആയി നിയമിക്കുവാൻ പാനലിലെ അഭിഭാഷകരിൽ അനുയോജ്യൻ എന്ന് സെർച്ച് കമ്മിറ്റി വിലയിരുത്തുകയും അഡിഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ അഡ്വക്കേറ്റ്.ശ്രീ. ജി. ശശീന്ദ്രനെ നിയമിക്കുവാൻ ശിപാർശ ചെയ്യുകയും ചെയ്തു.

4. ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ ഒഴിവുള്ള അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) തസ്തികയിലേക്ക് ശ്രീ.ജി.ശശീന്ദ്രൻ, TC.27/1214 (1), "സന്നിധി", പേട്ട പി.ഒ, തിരുവനന്തപുരം., 695 024 - നെ നിയമിക്കാവുന്നതാണോ?.